# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 10 | 2020 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–1


ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


**ശബരിമല: സന്നിധാനത്ത് കോവിഡ് ജാഗ്രത ത്വരിതപ്പെടുത്തും**

ശബരിമല സന്നിധാനത്ത് വിവിധ വകുപ്പുകളിലും ദേവസ്വം ജീവനക്കാർക്കിടയിലും കോവിഡ് ജാഗ്രത പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സന്നിധാനത്ത് ചേർന്ന ഉന്നതതല സമിതി യോഗം തീരുമാനിച്ചു. ആരോഗ്യവകുപ്പ് നിർദേശങ്ങൾ കർശനമായി പാലിക്കണമെന്ന് അതത് വകുപ്പുകളിലെ നോഡൽ ഓഫീസർമാരും ദേവസ്വം അധികൃതരും ജീവനക്കാർക്ക് നിർദേശം നൽകണം. എല്ലാ വിഭാഗം ജീവനക്കാരും കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് കൃത്യമായി മാസ്ക് ധരിക്കുകയും കൈകൾ ഇടക്കിടെ സാനിറ്റൈസർ ഉപയോഗിച്ച് അണുനശീകരണം നടത്തുകയും സാമൂഹ്യ അകലം കൃത്യമായി പാലിക്കുകയും വേണം.
വിവിധ വകുപ്പുകളിലുള്ളവരും ദേവസ്വത്തിന് കീഴിലെ വിവിധ വിഭാഗം തൊഴിലാളികളും ഭക്ഷണം കഴിക്കുന്ന സമയത്തും ജോലി ചെയ്യുമ്പോഴും പരസ്പരം ഇടപഴകുന്നത് പരമാവധി കുറയ്ക്കണം. രോഗലക്ഷണങ്ങളുണ്ടെങ്കിൽ ഉടൻ ആരോഗ്യ വകുപ്പിനെ അറിയിക്കണം. കോവിഡ് പോസിറ്റീവ് ആകുന്നവരുമായി പ്രാഥമിക സമ്പർക്കമുള്ളവരും കൃത്യമായി റിപ്പോർട്ട് ചെയ്യണം. താമസ സ്ഥലങ്ങളിലും കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിക്കണം. സന്നിധാനത്ത് ജോലി

ചെയ്യുന്നവർ 14 ദിവസത്തെ ഇടവേളയിൽ കോവിഡ് പരിശോധന നടത്തണം. യോഗത്തിൽ ശബരിമല എഡിഎം ഡോ. അരുൺ കെ. വിജയൻ, സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ ബി.കെ. പ്രശാന്തൻ കാണി, ഡ്യൂട്ടി മജിസ്ട്രേറ്റ് കെ. മനോജ്, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് സി.പി. സത്യപാലൻ നായർ, ഫെസ്റ്റിവൽ കൺട്രോൾ ഓഫീസർ മധുസൂദനൻനായർ, നിലയ്ക്കൽ പിഎച്ച്സി മെഡിക്കൽ ഓഫീസർ ഡോ. ഇ. പ്രശോഭ്, ദേവസ്വം ഉദ്യോഗസ്ഥർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

**അടിക്കുറിപ്പ്:**
ശബരിമല സന്നിധാനത്ത് ചേർന്ന ഉന്നതതല സമിതി യോഗം

**(പി.ആര്. ശബരി-88)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 10 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്–2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### ശബരിമലയിലെ നാളെ(11.12.2020)

പുലര്ച്ചെ 4 മണിക്ക് പള്ളി ഉണര്ത്തല്

5 ന്.... നട തുറക്കല്

5.05 ന്..... അഭിഷേകം

5.30 ന് ...ഗണപതി ഹോമം

7 മണി മുതല് 11 മണി വരെ നെയ്യഭിഷേകം

7.30 ന് ....ഉഷപൂജ

8 മണി മുതല് 9 മണി വരെ ഉദയാസ്തമന പൂജ

11.30 ന് .....25 കലശാഭിഷേകം
തുടര്ന്ന് കളഭാഭിഷേകം

12 ന് ഉച്ചപൂജ

1 മണിക്ക് ക്ഷേത്രനട അടയ്ക്കല്

4 മണിക്ക് ക്ഷേത്രനട തുറക്കും

6.30 ....ദീപാരാധന

7 മണിക്ക് .....പടിപൂജ

8.30 മണിക്ക് ....അത്താഴപൂജ

8.50 ന് ഹരിവരാസനം സങ്കീര്ത്തനം പാടി 9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

**(പി.ആര്. ശബരി-89)**

